<u>പ്രസിദ്ധീകരണത്തിന്</u>

**ലേഖനം**
**വി.എസ്.ശിവകുമാർ, ആരോഗ്യവകുപ്പുമന്ത്രി**

ജൂൺ 15, 2013

# പകർച്ചവ്യാധികൾ : കരുതലും കാഴ്ചപ്പാടും

ആരോഗ്യപരിപാലന രംഗത്ത് വളരെയധികം നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടെങ്കിലും പകർച്ചവ്യാധികൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ ഇനിയും പ്രയത്നിക്കേണ്ടതുണ്ട്. ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിന്റെ അഭാവം, ശുദ്ധജല ദൗർലഭ്യം, പരിസരമലിനീകരണം എന്നിവയെല്ലാം പലതരം പകർച്ചവ്യാധികൾ പെട്ടെന്ന് വ്യാപിക്കാനുള്ള സാധ്യത വർധിപ്പിക്കുന്നു.

കഴിഞ്ഞ വർഷങ്ങളിലെ മെച്ചപ്പെട്ട രോഗപ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങൾ വഴി പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നതിന്റെയും അവയുടെ വ്യാപനത്തിന്റെയും വ്യാപ്തി പരമാവധി കുറയ്ക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. മാത്രമല്ല; അവ നേരത്തേ കണ്ടെത്താനും മരണ നിരക്ക് കുറയ്ക്കാനും കഴിയുന്നുണ്ട്. കഴിഞ്ഞ വർഷത്തെപ്പോലെ, ജനുവരി 15 ന് ആരംഭിച്ച്, മൂന്ന് ഘട്ടങ്ങളിലായി നടത്തിയ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ രോഗവ്യാപനത്തിന്റെ കാഠിന്യം കുറയ്ക്കുവാൻ തീർച്ചയായും ഉപകരിച്ചിട്ടുണ്ട്.

കാലേക്കൂട്ടിയുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് ആരംഭിച്ചെങ്കിലും മഴക്കാലം തുടങ്ങിയതോടുകൂടി പതിവുപോലെ പനിയും മറ്റ് പകർച്ചവ്യാധികളും ഭീഷണി ഉയർത്തുകയാണ്. ഈ സാഹചര്യത്തിൽ, അവയെ നേരിടുന്നതിന് ഏവരുടെയും കൂട്ടായ പ്രവർത്തനം കൂടിയേ തീരൂ. പകർച്ചവ്യാധി നിയന്ത്രണപ്രവർത്തനങ്ങൾ ഓരോ കുടുംബത്തിൽ നിന്നും തുടങ്ങണം. വീടിനകത്തും പുറത്തും കൊതുകുകൾ പെരുകുന്ന സാഹചര്യം തീർത്തും ഒഴിവാക്കണം. മാലിന്യങ്ങൾ ഒരു കാരണവശാലും പൊതുസ്ഥലത്ത് നിക്ഷേപിക്കരുത്. അവ, ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന ശീലം വളർത്തിയെടുക്കണം. ഓരോ കുടുംബവും ഇക്കാര്യത്തിൽ എന്നും ശ്രദ്ധ ചെലുത്തിയാൽ മാത്രമേ സമ്പൂർണ്ണ പകർച്ചവ്യാധി നിയന്ത്രണം സാധ്യമാവുകയുള്ളു. പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരോഗ്യവകുപ്പിലെ ഫീൽഡ്തല ഉദ്യോഗസ്ഥർ, ആശാപ്രവർത്തകർ, അംഗൻവാടി വർക്കർമാർ എന്നിവരെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനപ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്തം വളരെ വലുതാണ്. പകർച്ചവ്യാധികൾക്ക് കാരണമാകുന്ന ഘടകങ്ങൾ കണ്ടെത്തി അതത് സ്ഥലത്തെ പ്രത്യേകതകൾക്കനുസരിച്ച് അവ പരിഹരിക്കുന്നതിനാവശ്യമായ ഊർജ്ജിത പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. ആരോഗ്യവകുപ്പ് ഇക്കാര്യത്തിൽ എല്ലാവിധ സഹകരണവും നൽകിവരുന്നുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ സമ്പൂർണ്ണ പകർച്ചവ്യാധി നിയന്ത്രണം സാധ്യമാവുകയുള്ളു.

പരിസരശുചിത്വത്തോടൊപ്പം വ്യക്തിശുചിത്വവും പകർച്ചവ്യാധി നിയന്ത്രണത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. പഴകിയതോ, അടച്ച് സൂക്ഷിക്കാത്തതോ ആയ ഭക്ഷണം ഒഴിവാക്കണം. തിളപ്പിച്ചാറ്റിയ വെള്ളമേ കുടിക്കാവൂ. പനിയോ, അനുബന്ധ രോഗലക്ഷണങ്ങളോ കണ്ടാൽ സ്വയംചികിത്സിക്കാതെ അടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ ചികിത്സ നേടണം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾമുതൽക്കുള്ള എല്ലാ സർക്കാർ ആശുപത്രികളിലും മരുന്നുകൾ ഉൾപ്പെടെ, വിദഗ്ദ്ധ ചികിത്സയ്ക്കായുള്ള സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. പരിഭ്രാന്തരാകാതെ വിവേകപൂർവ്വം പ്രവർത്തിച്ചാൽ പകർച്ചവ്യാധികളെ യഥോചിതം നേരിടാൻ സാധിക്കും.

പകർച്ചവ്യാധികളെ പ്രതിരോധക്കുന്നതിനായി സർക്കാർ വിപുലമായ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നു. മഴക്കാലം തുടങ്ങിയതോടെ വീണ്ടും ഭീഷണി ഉയർത്തിയ പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നതിന് സാധ്യമായതെല്ലാം ചെയ്യുന്നുണ്ട്. എല്ലാ വാർഡുകൾക്കും 25,000 രൂപ വീതം അനുവദിച്ചു. എല്ലാ ആശുപത്രികളിലും ആവശ്യത്തിന് ഡോക്ടർമാൽ, നഴ്സുമാർ, മറ്റു ജീവനക്കാർ എന്നിവരെ നിയമിച്ചു. നിലവിലുള്ള സ്റ്റാഫ് പാറ്റേണിൽ കൂടുതൽ സ്റ്റാഫുകൾ ഇപ്പോൾ ഭൂരിഭാഗം ആശുപത്രികളിലുമുണ്ട്. ആശുപത്രികളുടെ അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തി. കൊതുകു നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി 250 ഫോഗിങ്ങ് മെഷീനുകൾ വാങ്ങാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി. മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ 24 മണിക്കൂർ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തി. ഓരോ ജില്ലയിലെയും തിരഞ്ഞെടുത്ത ആശുപത്രികളിൽ പനിക്ലിനിക്കുകൾ തുടങ്ങി. ബോധവത്ക്കരണ പരിപാടികൾ ശക്തമാക്കി. ചികിത്സാ ക്യാമ്പുകളും സൗജന്യ പ്രതിരോധമരുന്ന് വിതരണവും വിപുലമാക്കി. ഡെങ്കിപ്പനിക്ക് ഏകീകൃത ചികിത്സ സംസ്ഥാനത്തുടനീളം ലഭ്യമാക്കുന്നതിനായി ഡോക്ടർമാർക്കുവേണ്ടി ലോകാരോഗ്യസംഘടനയുടെ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഗൈഡ്‌ലൈൻ തയ്യാറാക്കി. ഇതിനെ അടിസ്ഥാനമാക്കി സർക്കാർ-സർക്കാരിതര ആരോഗ്യസ്ഥാപനങ്ങളിലെ ഡോക്ടർമാർക്ക് പരിശീലനം നൽകി. പൊതുജനതാത്പര്യം പരിഗണിച്ച് ആരോഗ്യവകുപ്പ് മന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് എപ്പിഡെമിക് സെൽ പ്രവർത്തനമാരംഭിച്ചു.

കൊതുകുനിർമ്മാർജ്ജനം ലക്ഷ്യമാക്കി ജൂൺ 16, 23, 30 തീയതികളിൽ സംസ്ഥാനത്ത് ഡ്രൈഡേ ആചരിക്കുകയാണ്. സ്കൂളുകളിൽ തിങ്കളാഴ്ചകളിലാണ് ഡ്രൈഡേ ആചരണം. ജില്ലകളുടെ പ്രത്യേക ചുമതലയുള്ള മന്ത്രിമാർ, മറ്റ് എം.എൽ.എ മാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നിവരാണ് ഡ്രൈഡേ ദിനാചരണങ്ങൾക്ക് നേതൃത്വം നൽകുന്നത്. ജൂൺ 18, 25, ജൂലൈ 2 തീയതികളിൽ, ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് കൊതുകുനിർമ്മാർജ്ജന തീവ്രയത്ന പരിപാടി സംഘടിപ്പിക്കും. ജില്ലാതല സ്ക്വാഡുകൾ സജീവമായി രംഗത്തുണ്ട്. ഈ പ്രവർത്തനങ്ങളുമായി എല്ലാവരും സഹകരിക്കുകയും പങ്കാളികളാവുകയുംവേണം. യുവജന-സാംസ്കാരിക-സാമൂഹിക സംഘടനകൾ പ്രതിബദ്ധതയോടെ മുന്നിട്ടിറങ്ങണം.

-----------------------